LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : കരാർ ഒപ്പുവച്ചുകഴിഞ്ഞിട്ട് മേശപ്പുറത്തുവയ്ക്കേണ്ട ഘട്ടത്തിൽ വയ്ക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : ജലത്തേസംബന്ധിച്ച ചർച്ചയിൽ എലക്ട്രിസിറ്റി ഉല്പാദനത്തെസംബന്ധിച്ച് എന്തെങ്കിലും കരാർ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഈ കരാറുമായിട്ട് അതിനു ബന്ധമില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : അട്ടപ്പാടിയിൽ വരഗാഗിയിൽ വെള്ളംകിട്ടാൻ വല്ല ഏർപ്പാടും ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഓരോന്നായിട്ട് പ്രത്യേകം ചോദിച്ചാൽ മറുപടി പറയാൻ പ്രയാസമാണ്.

ശ്രീ. ബി. മാധവൻനായർ : സംസ്ഥാനഗവണ്മെന്റ് ഉണ്ടാക്കിയിട്ടുള്ള ഈ കരാർ നമ്മുടെ മന്ത്രിസഭ ചർച്ചചെയ്തിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണമെന്ത് ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരെല്ലാം വരുംകൂടിയാണ് ഈ പ്രശ്നം ചച്ചചെയ്തിട്ടുള്ളതു്. ദക്ഷിണ മേഖലാ കൗൺസിലുമായി ചർച്ച നടന്നപ്പോഴും ഇതുമായി ബന്ധപ്പെട്ട മന്ത്രിമാർ, ശ്രീ ദിവാകരൻ, ഇറിഗേഷൻ മന്ത്രി, എലക്ട്രിസിറ്റിമന്ത്രി, ധനകാര്യമന്ത്രി, മുഖ്യമന്ത്രി മുതലായവർ പങ്കെടുത്തിരുന്നു.

ശ്രീ. ബി. മാധവൻനായർ : ഈ കരട് എഗ്രിമെന്റിന്റെ കാര്യം മദിരാശി ഗവണ്മെന്റിന്റെ മന്ത്രിസഭ ചർച്ചചെയ്തതായി പത്രത്തിൽ കാണുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ നമ്മുടെ മന്ത്രിസഭയും ഇതിനേസംബന്ധിച്ച് ഒരു കൂട്ടായ ചർച്ചനടത്താൻ തയ്യാറാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : അതു് ക്യാബിനറ്റിന്റെ റൂൾസ് ആഫ് ബിസിനസ്സനുസരിച്ച് ചെയ്യേണ്ട കാര്യമാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : വ്യവസ്ഥകളെല്ലാം ഒപ്പുവച്ചിട്ടില്ലെന്നു പറയുകയും അട്ടപ്പാടിയിൽ വരയാർ പ്രദേശത്തെ വെള്ളത്തെ സംബന്ധിച്ചിടത്തോളം ഇന്നും തീരുമാനമാകാതിരിക്കുകയും ചെയ്യുന്ന പരിതസ്ഥിതിയിൽ അതിനെസംബന്ധിച്ച് ഈ നിയമസഭയ്ക്കുള്ള അഭിപ്രായം രേഖപ്പെടുത്താൻ ഒരു അവസരം നൽകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : മറ്റൊരു സ്റ്റേറ്റുമായി ഏർപ്പാടുകൾ നടന്നു. ആ കാര്യം സൂക്ഷ്മമായി പരിശോധിക്കുകയും മറ്റേ സ്റ്റേറ്റുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയുമാണ്. അതിനുപുറമേ സെൻട്രൽ വാട്ടർ ആൻറ് പവ്വർ കമ്മീഷനുമായും ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ചർച്ചകൾക്കിടയ്ക്ക് ഈ സഭയിൽ ഒന്നിലധികം തവണ ഉണ്ടായ അഭിപ്രായങ്ങളും വികാരങ്ങളും കണക്കിലെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ പ്രസ്താവന

4. [5] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി
,, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള
} താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഐക്യമുന്നണി ഗവണ്മെന്റിന്റെ ലക്ഷ്യം ജനങ്ങൾക്ക് ആശ്വാസം നൽകലല്ലെന്നും ജനങ്ങളിൽ അസംതൃപ്തിയും, നിരാശയും വളർത്തി അതുവഴി ഇൻഡ്യൻ ഭരണഘടന തകർക്കുകയും, ഒരു സായുധവിപ്ലവം നടത്തുകയുമാണെന്നും മുഖ്യമന്ത്രി 1969 ജൂലൈ 7-ാംതീയതി ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഈ പ്രസ്താവനയുടെ മേൽ കേന്ദ്രഗവണ്മെന്റ് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്) :

(എ) ഇല്ല. ചോദ്യത്തിലടങ്ങിയിട്ടുള്ള ഒന്നുചേർന്നുകൊള്ളുന്ന യാതൊരു പ്രസ്താവനയും മുഖ്യമന്ത്രി പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗങ്ങളെന്ന നിലയിൽ മുഖ്യമന്ത്രിയും ശ്രീ. എ. കെ. ഗോപാലനും ചേർന്ന് മുഖ്യമന്ത്രിയുടെ പരിപാടി വിശദീകരിക്കുന്ന ഒരു സംയുക്തപ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ആ പ്രസ്താവനയുടെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുന്നു.†

ശ്രീ. എൻ. കെ. ദേവസ്സിക്കുട്ടി : കേരളത്തിലെ ഐക്യമുന്നണി ഗവണ്മെന്റിന്റെ ഉദ്ദേശം ജനങ്ങൾക്ക് ആശ്വാസം നൽകാതെ ജനങ്ങളുടെ അസംതൃപ്തി വളർത്തി കമ്മ്യൂണിസ്റ്റ് പാർട്ടി വിപ്ലവത്തിനു കളമൊരുക്കുകയാണെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ മെമ്പർ ശ്രീ. ബി. ടി. രണദിവേ ലണ്ടനിൽ വച്ച് ചെയ്ത പ്രസ്താവന, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വീക്ഷണത്തിൽ തികച്ചും ശരിയും ന്യായയുക്തവും ആണെന്നു വളരെ വ്യക്തമായിട്ട് മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ പറഞ്ഞിട്ടില്ലേ? ഇപ്പോഴും അങ്ങനെ പറഞ്ഞിട്ടില്ലെന്നു പറയുന്നതു കേന്ദ്രത്തിൽനിന്നു ചോദ്യം വന്നതുകൊണ്ടല്ലേ ?

ശ്രീ. കെ. കരുണാകരൻ : ചോദ്യത്തിലെ 'ബി' യുടെ ഉത്തരം പറഞ്ഞില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : (ബി) ഇല്ല.

സർ, ഈ ചോദ്യത്തിനു ഞങ്ങളും രണ്ടുപേരുംകൂടി പുറപ്പെടുവിച്ചിട്ടുള്ള സംയുക്തപ്രസ്താവനയുടെ ടെക്സ്റ്റ് നോക്കാതെ അതിലുള്ള ചില ഭാഗങ്ങളും മറച്ചു വയ്ക്കുകയും ചില ഭാഗങ്ങളും വളച്ചൊടിക്കുകയും ചെയ്തിട്ടുള്ള ചില പ്രസ്റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. ജനങ്ങൾക്കു ആശ്വാസം നൽകൽ അല്ലെന്നു പറഞ്ഞിട്ടില്ല. എന്നുമാത്രമല്ല ആശ്വാസം നൽകാൻ എന്തെല്ലാം സാദ്ധ്യതകളും ഉണ്ടോ അതെല്ലാം ഉപയോഗപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ട്. എന്നുമാത്രവുമല്ല, ആശ്വാസം നൽകുന്നതിനു വേണ്ടിയിട്ട്, ഇന്നു എന്തെല്ലാം തടസ്സങ്ങളും ഉണ്ടോ അതെല്ലാം തട്ടിനീക്കാൻവേണ്ടിയിട്ട് പ്രവർത്തിക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതേയവസരത്തിൽ ഈ ഗവണ്മെന്റ് ഇങ്ങനെ നിലനിന്നു പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ട് എല്ലാം സാധിക്കാമെന്ന വ്യാമോഹം ജനങ്ങൾക്കു ഉണ്ടാകരുതു് എന്നും പറഞ്ഞിരുന്നു. ബന്ധപ്പെട്ട ഒന്നുരണ്ടു വാചകങ്ങളും ഞാൻ വായിക്കാം.

"ജനങ്ങൾക്കു് എത്രമാത്രം ആശ്വാസം നൽകാൻ കഴിയും, ഈ ഗവണ്മെന്റുകൊണ്ടു് അതിനു് എത്തൂ സാദ്ധ്യതയാണുള്ളതു് എന്നിവയെപ്പറ്റി കൃത്യമായി പറയാൻ സാദ്ധ്യമല്ല. ജനങ്ങൾക്കു് വമ്പിച്ച തോതിൽ ആശ്വാസം നൽകാൻ കഴിയുമെന്ന വ്യാമോഹവും അല്ലെങ്കിൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ലെന്ന നിരാശാബോധവും വച്ചുപുലർത്താതെ നമ്മുടെ ഉത്തമ വിശ്വാസ്യതയും സദുദ്ദേശവും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ പാർട്ടിപ്രതിനിധികളും എന്ന നിലയിൽ നമ്മുടെ മന്ത്രിമാർ നിരന്തരം ശ്രമിക്കണം. ഇക്കാര്യത്തിൽ നേരിടുന്ന ഏതു പരാജയവും പാർട്ടി ലൈനിനെപ്പറ്റി ജനങ്ങളിൽ അവിശ്വാസം സൃഷ്ടിക്കും. ജനങ്ങളെ സ്വതന്ത്രമായി അണിനിരത്തി സജീവമാക്കുന്നതിനെ അതു ബാധിക്കും.....ചുരുക്കിപ്പറഞ്ഞാൽ ജനങ്ങൾക്കു് ഫലപ്രദവും വിപുലവുമായ ആശ്വാസം നൽകാൻ വേണ്ടത്ര അധികാരമുള്ള ഗവണ്മെന്റുകളും എന്നതിനെക്കാളും സമരം നടത്തുന്നതിനുള്ള ജനങ്ങളുടെ ഉപകരണങ്ങളും എന്ന നിലയ്ക്കാണു് ഇന്നത്തെ

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly

ഐക്യമുന്നണി ഗവണ്മെൻറുകളെ പരിഗണിക്കേണ്ടതും മനസ്സിലാക്കേണ്ടതും....." എന്നുപറഞ്ഞിട്ട്.... "മിനിമം പരിപാടി അംഗീകരിച്ചു് അതിൻെറ അടിസ്ഥാനത്തിൽ ഭരണഘടനാവിധേയമായി പ്രവർത്തിച്ചുകൊണ്ടു് നേടാവുന്ന ആനുകൂല്യങ്ങളും മുഴുവൻ ജനങ്ങൾക്കു് നേടികൊടുക്കുവാൻ നാമെല്ലാം ബദ്ധപ്രതിജ്ഞരാണു്. മുന്നണി അംഗീകരിച്ച ഈ മിനിമം പരിപാടി തെറ്റാണെന്നോ അതു നടപ്പിലാക്കുന്നതില്ലെന്നോ ഞങ്ങളുടെ പാർട്ടിയുടെ പ്രമേയത്തിലോ രണദിവേയുടെ പ്രസംഗത്തിലോ ഇല്ല. ആ പരിപാടി നടപ്പിലാക്കുന്നതിൻെറ ഫലമായി ആശ്വാസം കിട്ടുന്ന ജനങ്ങളോടു് എന്തു പറയണമെന്ന കാര്യത്തിലെ അഭിപ്രായ വ്യത്യാസമുള്ള"

ഈ ഗവണ്മെൻറു് പ്രവർത്തിച്ചതുകൊണ്ടുമാത്രം ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു കിട്ടേണ്ട ആശ്വാസം മുഴുവൻ കിട്ടുമെന്ന വ്യാമോഹം നിലനിറുത്തേണ്ടതില്ല.

ശ്രീ. കെ. എം. ജോർജ്ജു് : ഇന്നത്തെ നിലയ്ക്കു് ആശ്വാസം കിട്ടേണ്ടവർക്കു് മുഴുവൻ ആശ്വാസം കിട്ടണമെങ്കിൽ ഇന്നത്തെ ഭരണഘടന തകർക്കണമെന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തരവകുപ്പു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡെൽഹിയിൽ ചെന്നു് ശ്രീ. ചവാനെ കാണണമെന്നും വിശദീകരണം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടോ ? അങ്ങനെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അങ്ങു് എന്തു മറുപടിയാണു് കൊടുത്തിട്ടുള്ളതെന്നു് പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : ഭരണഘടന തകർക്കണമെന്നുള്ള വാക്കു് ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. ഭരണഘടനയുടെ 'അലകും പിടിയും' മാറണമെന്നേ പറഞ്ഞിട്ടുള്ളൂ. 'അലകും പിടിയും' മാറണമെന്നതിൻെറ അർത്ഥം തകർക്കണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ ധാരണയെങ്കിൽ എനിക്കു് അതെപ്പറ്റി ഒന്നും പറയാനില്ല. ഇതിനെ സംബന്ധിച്ചു് യൂണിയൻ ആഭ്യന്തരകാര്യമന്ത്രിയും ഞാനുമായിട്ടു നടത്തിക്കഴിഞ്ഞ കത്തിടപാടുകളുടെ വിവരം പ്രസിദ്ധപ്പെടുത്തേണ്ട സമയമായിട്ടില്ല.

ശ്രീ. കെ. എം. ജോർജ്ജു് : അലകും പിടിയും മാറുക എന്നുപറഞ്ഞാൽത്തന്നെ എന്തർത്ഥത്തിലായാലും ശരി, അതിനു് മുഖ്യമന്ത്രി ഉദ്ദേശിച്ച രീതിയിലാണെങ്കിൽ അതിനുവേണ്ടിയല്ല ഞങ്ങൾ ഐക്യമുന്നണിയിൽ ചേർന്നതെന്നു് മുസ്ലീംലീഗു കക്ഷിയും വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. സി. എച്ചു്. മുഹമ്മദുകോയയും വളരെ വ്യക്തമായിനടത്തിയ പ്രസ്താവന മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. എം. എസു്. നമ്പൂതിരിപ്പാടു് : അതാണു് ഞാൻ പറഞ്ഞ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതു്. ഞങ്ങളുടെ പാർട്ടിയുടെ നയമാണു് ഞങ്ങളുടെ സംയുക്ത പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു്. ഈ ഐക്യമുന്നണി രൂപീകരിച്ചപ്പോഴും ഈ ഐക്യമുന്നണി പ്രവൃത്തിയിൽ വരുത്തേണ്ടതായ മിനിമം പരിപാടികളും അംഗീകരിച്ചിട്ടുണ്ടു്. ആ പരിപാടികളും നടപ്പിൽ വരുത്തുന്നതിനു് ഞങ്ങളും മറ്റെല്ലാ പാർട്ടികളും ബദ്ധപ്രതിജ്ഞരാണെന്നും പറഞ്ഞിട്ടുണ്ടു്. അതു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിൻെറ ഉദ്ദേശം എന്താണെന്നും അതിനെക്കുറിച്ചു് എന്തു പറയണമെന്നും ഉള്ള കാര്യത്തിൽ ഐക്യമുന്നണിയിൽ ഉള്ള വിവിധ കക്ഷികളും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണു്.

ശ്രീ. കെ. കരുണാകരൻ: ഇതാണു് നയമെങ്കിൽ ഐക്യമുന്നണിയിൽ തുടരുന്നതിനെപ്പറ്റി പുനഃപരിശോധന നടത്തണമെന്നു് മുസ്ലീംലീഗിൻെറ നേതാവായ സുലൈമാൻ സേട്ടു് പറഞ്ഞപ്പോഴും അതിനൊരു ക്ലാരിഫിക്കേഷൻ എന്ന നിലയിൽ ആണു് ചീഫ്മിനിസ്റ്റരും എ. കെ. ഗോപാലൻ എം. പി.യും പ്രസ്താവന പുറപ്പെടുവിച്ചതെന്നു് ഇന്ത്യൻ എക്സ്പ്രസ്സു് റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. 'ഞങ്ങളുടെ പാർട്ടിയുടെ നയം ഭരണഘടന തകർക്കലാണു്' എന്ന റിപ്പോർട്ട വന്നശേഷം അതു അംഗീകരിച്ചുകൊണ്ടു്, സാധാരണ എല്ലാറ്റിനും മറുപടി പറയുന്ന ഗവണ്മെൻറും മാർക്സിസ്റ്റു പാർട്ടിയും റിപ്പോർട്ട തെറ്റാണെന്നു് നിഷേധിക്കാതിരുന്നതെന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സത്യമേവ ജയതേ എന്നു വിശ്വസിക്കുന്ന ബഹുമാനപ്പെട്ട മെംബർ ആ പ്രസ്താവനയുടെ ഫുൾ ടെക്സ്റ്റ് വായിച്ചിട്ട് അഭിപ്രായം പറഞ്ഞാൽ കൊള്ളാം. അതിനുവേണ്ടിയാണ് ഫുൾ ടെക്സ്റ്റ് സഭയുടെ മുൻപിൽ വച്ചിട്ടുള്ളതു്. ഫുൾ ടെക്സ്റ്റ് നോക്കുന്നതിനുപകരം, പ്രസ്താവന യുടെ ചില ഭാഗങ്ങൾ സൗകര്യംപോലെ ഊരിയെടുക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്ന പത്രറിപ്പോർട്ടുകളാണ് ബഹുമാനപ്പെട്ട മെംബർക്കു് വേദവാക്യമെങ്കിൽ അങ്ങനെയുള്ളവരുടെ 'സത്യമേവ ജയതേ'യോടു് എനിക്കു് അനുകമ്പയേ ഉള്ളൂ.

ശ്രീ. കെ. കരുണാകരൻ: 'സത്യവിരുദ്ധമേവ ജയതേ' എന്നുള്ള മുദ്രാവാക്യം വിശ്വസിക്കുന്ന മുഖ്യമന്ത്രി ഈ റിപ്പോർട്ട് വന്നശേഷം മറുപടിയായും നിഷേധിച്ചിട്ടും എന്തുകൊണ്ടു് ഇന്ത്യൻ എക്സ്പ്രസ്സിൽ വന്ന റിപ്പോർട്ട് നിഷേധിച്ചില്ല? കഴിഞ്ഞ മാസം 9-ാംതീയതി ഹിന്ദുവിലും റിപ്പോർട്ട് വന്നിട്ടുണ്ടായിരുന്നു.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: 'സത്യവിരുദ്ധമേവ ജയതേ' എന്നു വിശ്വസിക്കാത്തവർക്കു കാണത്തക്ക നിലയ്ക്കു് സത്യം പറയുന്ന പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള നിലയ്ക്കും സഭയുടെ മേശപ്പുറത്തു വച്ചിട്ടുള്ള സ്ഥിതിക്കും, ഏതാണു് സത്യമെന്നും ഏതാണു് അസത്യമെന്നും ജനങ്ങൾക്കു് തീരുമാനിക്കാൻ സാധിക്കുമെന്നുള്ളതുകൊണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പ്രതിപക്ഷ മെമ്പർമാർക്കു് വളരെയധികം താല്പര്യമുള്ള ഒരു വിഷയമായി കാണുന്നതുകൊണ്ടു് ഇതിനെപ്പറ്റി, സഭാനടപടിച്ചട്ടങ്ങൾ അനുവദിക്കുമെങ്കിൽ, ഒരു ചർച്ച നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഒരു പാർട്ടിയുടെ നയത്തെ സംബന്ധിച്ചു ചർച്ചചെയ്യുന്നതിനുവേണ്ടി സമയം കളയാൻ ബഹുമാനപ്പെട്ട മെംബർമാർക്കു താൽപ്പര്യമുണ്ടെങ്കിൽ സഭാസമ്മേളനം നടക്കുന്ന കാലത്തുതന്നെ സഭയ്ക്കു വെളിയിൽ വച്ചു് ഒരു സെമിനാറോ സമ്മേളനമോ കൂടാം.

ശ്രീ. കെ. കരുണാകരൻ: മുഖ്യമന്ത്രി പുറപ്പെടുവിച്ച പ്രസ്താവനയായതുകൊണ്ടും ഗവണ്മെൻറിനെ ബാധിക്കുന്നതായതുകൊണ്ടും ചർച്ച ചെയ്യുമോ എന്നാണു് ചോദിച്ചതു്.

മി സ്പീക്കർ: ഇതിനെപ്പറ്റി ഒരടിയന്തിര പ്രമേയത്തിനു നോട്ടീസു് കിട്ടിയിട്ടുണ്ടു്. റൂം 57 അനുസരിച്ചു് രണ്ടുമണിക്കൂർ ചർച്ചക്കു് ശ്രീ. കെ. എം. മാണിയും ശ്രീ. ഗോപാലകൃഷ്ണൻനായരും നോട്ടീസു് നൽകിയിട്ടുണ്ടു്.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: അങ്ങനെയാണെങ്കിൽ ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടു സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥിയെ നിശ്ചയിക്കുന്ന കാര്യത്തിൽ കോൺഗ്രസ് സ്വീകരിച്ച നയത്തെപ്പറ്റി ചർച്ചചെയ്യണമെന്നുപറഞ്ഞു് മറുചിലർക്കും അഡ്ജോൺമെൻറ് മോഷൻകൊണ്ടുവരാം.

ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി: സർ, യാതൊരു ബന്ധവുമില്ലാത്ത കാര്യമാണു് മുഖ്യമന്ത്രി പറയുന്നതു്....

മി. സ്പീക്കർ: ആർഡർ ആർഡർ. അദ്ദേഹം അദ്ദേഹത്തിൻറെ അഭിപ്രായം പറയുകയാണു്. അതിനിടയ്ക്കു് കയറി സംസാരിക്കരുതു്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: മുഖ്യമന്ത്രിയുടെ സ്ഥാനത്തുള്ളതുകൊണ്ടുള്ള നിലയ്ക്കു പാർട്ടിയുടെ നയം വ്യക്തമാക്കിക്കൊണ്ടു് പ്രസ്താവന പുറപ്പെടുവിക്കുകയാണു ചെയ്തതു്. എല്ലാ പാർട്ടികളുടെ നേതാക്കന്മാരും പുറപ്പെടുവിക്കുന്ന പ്രസ്താവനകളും ചർച്ചയ്ക്കു വിധേയമാക്കണമെന്നുണ്ടെങ്കിൽ അതിൻറെ കാര്യത്തിലും വിവേചനം,

കാണിച്ചുകളയാം എന്ന നിലപാട് പാടില്ല. മാർക്സിസ്റ്റ് പാർട്ടിയോട് ബഹുമാനപ്പെട്ട കരുണാകരനു വിരോധമുള്ളതുകൊണ്ട് ആ പാർട്ടിയുടെ നയങ്ങളും സഭയിൽ ചർച്ചയ്ക്കു വിധേയമാക്കാമെന്നും ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടി നടപ്പാക്കുന്ന നയങ്ങളും സഭയിൽ ചർച്ച ചെയ്യുന്നതിൽ അദ്ദേഹത്തിനു അസൗകര്യമുള്ളതുകൊണ്ട് സഭയിൽ ചർച്ചചെയ്യാൻ പാടില്ല എന്നും ഉള്ള ഫിലിപ്പാട്ട് പാടില്ല.

ശ്രീ. കെ. കരുണാകരൻ: കേരളത്തിന്റെ മുഖ്യമന്ത്രിയും ഭരണാധിപനും എന്നുള്ള നിലയിൽ നടത്തിയിട്ടുള്ള പ്രസ്താവനയാണു്. മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോയല്ല കേരള മുഖ്യമന്ത്രി.

ശ്രീ. ബേബിജോൺ: സർ പാർട്ടിയുടെ നേതാവെന്നുള്ള നിലയിലാണു്, മുഖ്യമന്ത്രിയെന്നുള്ള നിലയിലല്ല പ്രസ്താവന ചെയ്തതെന്നു് ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടും പ്രതിപക്ഷനേതാവു്, ഗവണ്മെന്റിന്റെ പ്രസ്താവനയാണു്, ചർച്ച ചെയ്യണം എന്നു പറയുന്നതു് ആർഡറിലാണോ?

മി. സ്പീക്കർ: 'സത്യമേവ ജയതേ'യും 'അസത്യമേവ ജയതേ'യും തമ്മിലുള്ള വഴക്കാണിതു്. ഇതു സംബന്ധിച്ചു് ഒരു റൂളിംഗ് നൽകാൻ കഴിയാതെയാണിരിക്കുന്നതു്. അടിയന്തിര പ്രമേയത്തിനും റൂം 57 അനുസരിച്ചുള്ള ചർച്ചയ്ക്കും നോട്ടീസ് നൽകപ്പെട്ടിട്ടുള്ള ഒരു വിഷയമായിരിക്കുന്ന സ്ഥിതിക്കു് പിന്നീടു് അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. എം. ജോർജ്ജ്: കേന്ദ്രആഭ്യന്തരമന്ത്രിയുമായി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണു്, വിവരം വെളിപ്പെടുത്താറായിട്ടില്ല എന്നു പറഞ്ഞു എഴുത്തുകുത്തിലെ വിശദാംശങ്ങളല്ല ഫാക്റ്റ് മാത്രമേ ചോദിക്കുന്നുള്ളൂ. മുഖ്യമന്ത്രി ഡൽഹിയിൽ ചെല്ലുമെന്നാവശ്യപ്പെട്ടിട്ടുണ്ടോ. ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ എന്തു മറുപടി കൊടുത്തു? ഈ ഫാക്റ്റ് മത്രം പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആ ഫാക്റ്റ് പറയണമെങ്കിൽ ഉള്ള കാര്യം പറയേണ്ടിവരും.

ശ്രീ. കെ. എം. ജോർജ്: യാതൊരു ഉള്ളടക്കവും എനിക്കാവശ്യമില്ല. പല പ്രാവശ്യം പത്രത്തിൽ വന്നിട്ടുള്ള കാര്യമാണു്. വിളിച്ചോ, വിളിച്ചില്ലെങ്കിൽ എന്തു മറുപടി കൊടുത്തു എന്നു് ഒറ്റ വാക്കിൽ പറഞ്ഞാൽമതി.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതുതന്നെയാണു് കത്തിലെ ഉള്ളടക്കം.

Shri: K. M. George: Wonderful!

ശ്രീ. കെ. എം. മാണി: മാർക്സിസ്റ്റുപാർട്ടിയുടെ വിശാലമായ നയമെന്നു പറയുന്നു, കേരളത്തിലെയും ബംഗാളിലെയും ഐക്യമുന്നണി ഭരണത്തിൽ മാർക്സിസ്റ്റുപാർട്ടി പങ്കാളിത്തം വഹിക്കുന്നതു് ഈ നയം നടപ്പാക്കാനാണെന്നുള്ളതുകൊണ്ട് അങ്ങനെയുള്ള നയമെന്ന നിലയിൽ ചർച്ചചെയ്യുന്നതു പ്രസക്തമല്ലേ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മെംബർ പ്രസ്താവന പോയിച്ചിട്ടില്ല എന്നാണു് ഇതിൽനിന്നു മനസ്സിലാകുന്നതു്.

ശ്രീ. എൻ. കണപതി: எட்டு கட்சிகளுக்கும் லீடர் என்ற முறையிலும் நமது மாநில முதலமைச்சர் என்ற முறையிலும் மத்திய உள்துறை அமைச்சர் திரு சவான் அழைப்பிதழை மந்திரி சபையில் கலக்காமல் திரு. சுந்தரய்யா உத்தரவு பிரகாரம் டெல்லி சென்று உள்துறை அமைச்சரை சந்திக்கவில்லை என்று கூறியது மந்திரிசபையை கலந்து கூறியதா அல்லது திரு. சுந்தரய்யா ஆலோசனைப்படியா?

Mr. Speaker: Order, Order. That question is not allowed.

LIBRARY ARCHIVES Kerala Legislative Assembly